# MALAYALAM (Code 112)
# MARKING SCHEME
# Class XII (2026-27)

Time Allowed :3hrs — Maximum Marks: 80

അനുവദിച്ച സമയം: 3 മണിക്കൂർ — ആകെ മാർക്ക്:80

---

## Section A /എ വിഭാഗം

1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)

(10X1=10)

1.(I)'ഏകദേശം ഒരു മണിക്കൂറിനുള്ളിൽ വായിച്ചു തീർക്കാവുന്ന കഥയാണ് ചെറുകഥ' എന്നാണ് എഡ്ഗർ അലൻ പോ നിർവചിച്ചിട്ടുള്ളത്.

1.(II) അത് 'നോവൽസംക്ഷേപ'മായി തീരും

1.(III) ഏകാഗ്രതയാണ് ചെറുകഥയ്ക്ക് അവശ്യം വേണ്ട ഗുണം.

1.(IV) ചെറുകഥയിൽ വികാരത്തിനാണ് ഇടമുള്ളത്.

1.(V) സാഹിതീരൂപത്തിന്റെ പരിമിതിയെ ആശ്രയിച്ചാണ് ഏകാഗ്രത ദൃഢമായും ശിഥിലമായും ഇരിക്കുന്നത്.

1.(VI) പ്രവൃത്തിപരമായ ചെറുകഥയിൽ മനുഷ്യന്റെ സ്വഭാവത്തെക്കാൾ അവൻ ചെയ്യുന്ന പ്രവൃത്തികൾക്കാണ് പ്രാമുഖ്യം.

1.(VII) ഇനി എന്താണ് സംഭവിക്കാൻ പോകുന്നത് എന്നുള്ള ജിജ്ഞാസയാണ് വായനക്കാരെ ഉന്മേഷവാന്മാരാക്കുന്നത്

1.(VIII) ഏകാഗ്രതയെ ഭഞ്ജിക്കുകയോ വ്യതിചലിപ്പിക്കുകയോ ചെയ്യുന്ന ഘടകങ്ങളാണ് ചെറുകഥയിൽ സ്വീകാര്യമല്ലാത്തത്.

1.(IX) ഒരു നായകൻ, ഒരു നായിക, അവരുടെ ശുഭസമാഗമത്തെ പ്രതിരോധിക്കുന്ന ചില കഥാപാത്രങ്ങൾ അല്ലെങ്കിൽ സാഹചര്യങ്ങൾ, വിഘ്നങ്ങളുടെ ദൂരീകരണം,അഭീഷ്ട സിദ്ധി എന്നിവയാണ് സാധാരണ കണ്ടുവരുന്ന കഥാ ഘടകങ്ങൾ.

1.(X) വൈചിത്ര്യത്തിനു വേണ്ടി പ്രധാന കഥയോട് ഏറെക്കുറെ സംബന്ധമുള്ള ഉപകഥകളും ഉപപാത്രങ്ങളും ആണ് നോവൽ കർത്താവ് സ്വീകരിക്കാറുള്ളത്.

1.(XI) ആദർശം, വ്യാപ്തി,ഘടന എന്നിവയിലാണ് നോവലും ചെറുകഥയും വിജാതീയങ്ങൾ ആയിരിക്കുന്നത്.

1.(XII) ഉചിതമായ ഏത് ശീർഷകവും നൽകാം.

## Section B /ബി വിഭാഗം

2. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

(1x 6 =6)

(ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിച്ചാൽ മതിയാകും.)

ആമുഖം: വിഷയത്തെക്കുറിച്ചുള്ള പൊതുവിവരം

ഉള്ളടക്കം:വിഷയത്തിലുള്ള അറിവ്, ആശയം, ഭാഷ,അവതരണ രീതി അക്ഷര ശുദ്ധി, ഖണ്ഡികാകരണം.

ഉപസംഹാരം,: പ്രതിവിധി, നടപ്പിലാക്കേണ്ട കാര്യങ്ങൾ, ഭാവിയിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ

3. ലഹരിവസ്തുക്കളുടെ ഉപയോഗം വരുത്തുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ഒരു ക്ലാസ്സ് സംഘടിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ പ്രിൻസിപ്പലിന്റെ പേരിൽ പോലീസ് മേധാവിക്ക് കത്തെഴുതുക. (1x6=6)

പ്രേഷകൻ
പേര്
സ്ഥാനപ്പേര്
വിദ്യാലയത്തിന്റെ പേര്
സ്ഥലം
ജില്ല
പിൻകോഡ്

സ്വീകർത്താവ്
സ്ഥാനപ്പേര്
വകുപ്പിന്റെ പേര്
സ്ഥലം
ജില്ല
പിൻകോഡ്

വിഷയം..............

അഭിസംബോധന.....
ഉള്ളടക്കം (വിഷയ അവതരണം ,വിഷയ അവലോകനം ,ഉപസംഹാരം) ഖണ്ഡിക തിരിച്ച് എഴുതുക.

എന്ന്
വിശ്വസ്തതയോടെ
(ഒപ്പ്)
പേര്

സ്ഥലം
തിയതി

4. പരാവർത്തനം ചെയ്യുക (1x2=2)
(കാവ്യഭാഗത്തിന്റെ ആശയം സ്വന്തം വാക്യത്തിൽ എഴുതുക. വിവരണം ആവശ്യമില്ല. ലളിതമായ ഭാഷയിൽ ആശയം വ്യക്തമാക്കണം)

നിയമങ്ങൾ മനുഷ്യ പുരോഗതിക്കും നന്മയ്ക്കും ഉതകുന്നതാകണം എന്ന് സൂചിപ്പിക്കുന്ന വരികൾ- കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റുകതന്നെ വേണം. അല്ലെങ്കിൽ അതിനനുസരിച്ച് മനുഷ്യനു മാറേണ്ടി വരും എക്കാലത്തും പ്രസക്തമാകുന്ന വരികളാണിത്.

5. താഴെപ്പറയുന്ന ഏതെങ്കിലും രണ്ട് ശൈലികളുടെ ശരിയായ അർത്ഥം കണ്ടെത്തി വാക്യം നിർമ്മിക്കുക. (2x1=2)

I) കരകയറുക - രക്ഷപ്പെടുക
II) നാന്ദി കുറിക്കുക - തുടക്കം കുറിക്കുക
III) കാലു മാറുക - മറുപക്ഷം ചേരുക

ഈ അർത്ഥത്തിൽ വരുന്ന വാക്യങ്ങൾ നിർമ്മിക്കുക

6. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക (2x1=2)

I) അവശനായി കിടക്കുന്ന യുവാവും അവന്റെ കാൽക്കീഴിൽ ഇരിക്കുന്ന യുവതിയും അപ്പോഴും ഒരു നിശ്ചല ദൃശ്യം തന്നെയായിരുന്നു.

II) വെള്ളിയിൽ വാർത്തെടുത്ത പോലെയുള്ള അതിന്റെ ഹിമശിഖരം വെയിലേറ്റ് വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു

## Section C/സി വിഭാഗം

7. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങളുണ്ട്) (5 x 2=10)

7.(I)(i) B. ദുഷ്യന്തന്
(ii) C. കോകിലനാരി പോലെ പരഭൃതയായതിനാൽ.
7.(II) (i) A. ഭക്ഷണം
(ii) C. ബാഹുകൻ
7.(III) (i)D. കുഞ്ചൻ നമ്പ്യാർ
(ii) C. പതിനെട്ട്
7.(IV) (i)C. തീത്തുള്ളി.
(ii) A. ക്രോധം
7.(V) (i)B.ചെറിയാൻ കെ ചെറിയാൻ
(ii)C.രാമന്റെ ദുഃഖം
7.(VI) (i) A. ബാഹുകനെക്കുറിച്ച്
(ii)C. മഹാഭാരതം

8. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങളുണ്ട്) (5 x 2=10)

8.(I)(i) C.പ്രകാശം ജലം പോലെയാണ്.
(ii) B.ഒരേസമയത്ത് ഒരുപാട് ലൈറ്റുകൾ പ്രകാശിപ്പിച്ചതിനാൽ.
8.(II)(i) B.ദിവാകരൻ
(ii) C. കുട്ടികളെ
8.(III)(i)) D. യുവാവിന്റെ മരണം
(ii) D. പെൺഗൗളി ചിലച്ചപ്പോൾ
8.(IV) (i) B. എസ് കെ പൊറ്റെക്കാട്ട്
(ii) A. ഒരു ദേശത്തിന്റെ കഥ
8.(V)(i) B. സച്ചിന് ഭാരതരത്നം ലഭിച്ചത്.
(ii) C. മാതൃഭൂമി സ്പോർട്സ് മാസികയിൽ
8.(VI) (i) D. സൂര്യപ്രകാശ്
(ii)C. നിരീക്ഷണപോസ്റ്റ് സ്ഥാപിക്കാൻ

9. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (4x4=16)

9.(I) ആമുഖം- എഴുത്തച്ഛൻ- മഹാഭാരതം കിളിപ്പാട്ട്.
ദുഷ്യന്തൻ ശകുന്തളയെ അധിക്ഷേപിക്കുന്നത്- ശകുന്തളയുടെ മറുപടി - ദുർജ്ജനങ്ങളുടെ സ്വഭാവമാണ് ദുഷ്യന്തൻ കാണിക്കുന്നത്.

9.(II) ആമുഖം- കടമ്മനിട്ട രാമകൃഷ്ണൻ, കിരാതവൃത്തം
കാട്ടാളന് ശത്രുക്കളോടുള്ള പ്രതികാരവാഞ്ഛ - വേട്ടക്കാരുടെ കൈകൾ വെട്ടും - മരവും മലയും കുലവും മുടിച്ചവരെ ഇല്ലാതാക്കും - ശത്രുക്കൾക്കെതിരെ വില്ലു കുലയ്ക്കും - ശത്രുക്കളുടെ നാശത്തിൽ തന്റെ ദുഃഖം തകരും - അന്ന് മാത്രമേ കാട്ടാളന് ചിരിക്കാൻ സാധിക്കുകയുള്ളൂ.

9.(III) ആമുഖം- ഉണ്ണായിവാര്യർ, നളചരിതം ആട്ടക്കഥ നാലാം ദിവസം
ഉണ്ണായിവാര്യരുടെ ഭാഷാരീതി - വെങ്കല ഭാഷ - പ്രാസപ്രയോഗം - കഥാപാത്രസൃഷ്ടി , നാടകീയത എന്നിവയ്ക്ക് കൃതിയിലുള്ള സ്ഥാനം തുടങ്ങിയവ വ്യക്തമാക്കണം.

9.(IV) ആമുഖം- കുഞ്ചൻ നമ്പ്യാർ,ശീലാവതീചരിതം ഓട്ടൻതുള്ളൽ.
ഭർത്താവിനെക്കുറിച്ച് ശീലാവതിയ്ക്കുള്ള പരാതികൾ - കൊള്ളിവാക്കുകൾ പറയുന്ന സ്വഭാവം, എന്ത് ചെയ്താലും കുറ്റം മാത്രം പറയുന്നത്- തന്റെ കഷ്ടപ്പാടുകൾ - ഇതെല്ലാം തന്റെ ജാതക ദോഷം കൊണ്ടാണെന്ന് ഉറച്ചു വിശ്വസിക്കുന്ന ശീലാവതി.

9.(V) ആമുഖം- ചെറിയാൻ കെ ചെറിയാൻ- 'തേങ്ങ', ചെറിയാൻ കെ ചെറിയാന്റെ തിരഞ്ഞെടുത്ത കവിതകൾ.
ദേവസ്യയുടെ തലയിൽ തേങ്ങ വീണത്- ദേവസ്യക്കൊന്നും സംഭവിക്കാതെ തേങ്ങ നാരോടെ പൊട്ടിക്കീറിയത് - ഇത്ര ഉയരത്തിൽ നിന്ന് വീണിട്ടും ഒന്നും സംഭവിച്ചില്ല എന്നുള്ളത് യുക്തിക്ക് നിരക്കുന്നതല്ല - അയുക്തി ഹാസ്യത്തിന് കാരണമാകുന്നതിന് ഉദാഹരണം

10. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (4x4=16)

10.(I) ആമുഖം- ഗബ്രിയേൽ മാർക്വെസ്, പ്രകാശം ജലം പോലെയാണ്.
മാജിക്കൽ റിയലിസം - പ്രത്യേകതകൾ- ഇത് ഉപയോഗിച്ചിരിക്കുന്ന സന്ദർഭങ്ങൾ വിവരിക്കുന്നു - കുട്ടികൾ മുറിക്കുള്ളിൽ പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്നത് - തീ കെടുത്തലുകാർ കണ്ട കാഴ്ചകൾ- മുറിക്കുള്ളിൽ എല്ലാ വസ്തുക്കളും ഒഴുകി നടക്കുന്നത്.

10.(II) ആമുഖം - പി പത്മരാജൻ, പത്മരാജന്റെ കഥകൾ സമ്പൂർണ്ണം.
അച്ഛനമ്മമാരുടെ ചിത്രം തേടിയുള്ള ദിവാകരന്റെ യാത്ര- ചിത്രങ്ങളുടെ എണ്ണം ദിവാകരനെ ഭയപ്പെടുത്തുന്നു.- അയാൾ ശ്രമം ഉപേക്ഷിക്കുന്നില്ല- ചിത്രങ്ങളുടെ സാദൃശ്യം അയാളെ വിഷമിപ്പിക്കുന്നു- അസംഖ്യം ചിത്രങ്ങൾക്ക് മുന്നിൽ പകച്ചുനിൽക്കുന്ന ദിവാകരൻ.

10.(III) ആമുഖം- ഗ്രേസി, ഗൗളിജന്മം
ഗൗളികളുടെ വീക്ഷണ കോണിലൂടെ കഥ പറയുന്ന തന്ത്രം സ്വീകരിച്ചിരിക്കുന്നു- ദൃക്സാക്ഷി വിവരണം നടത്തുന്ന രൂപത്തിലാണ് കഥ എഴുതപ്പെട്ടിട്ടുള്ളത്- കഥാകാരി നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ല- ഗൗളികളുടെ സംഭാഷണത്തിലൂടെ കഥ മുന്നോട്ടുപോകുന്നു - ഈ രീതി സ്വീകരിച്ചതുകൊണ്ട് കഥാകാരിക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു.

10.(IV) ആമുഖം-എസ് കെ പൊറ്റെക്കാട്ട് - ഹിമാലയ സാമ്രാജ്യത്തിൽ.
ഋഷിവര്യൻമാരുടെയും ദാർശനികാചാര്യന്മാരുടെയും സാഹിത്യ സാംസ്ക്കാരിക കർമക്ഷേത്രം- വ്യാസൻ വേദങ്ങൾ പകുത്തത് ഇവിടെയുള്ള ഗുഹയിൽ വച്ചാണ് - മഹാഭാരതവും വിരചിതമായി - ശങ്കരാചാര്യർ ഭാഷ്യമെഴുതിയതും ഇവിടെ വച്ചാണ്- പൗരാണിക സ്മരണകളുടെ പൂങ്കാവനം എന്ന് വിശേഷിപ്പിക്കുന്നു.

10.(V) ആമുഖം - കെ. വിശ്വനാഥ് , മാതൃഭൂമി സ്പോർട്സ് മാസികയിൽ വന്ന ലേഖനം.
സച്ചിൻ ടെണ്ടുൽക്കറുടെ വിരമിക്കൽ ചടങ്ങ് - കുടുംബാംഗങ്ങളും കൂട്ടുകാരും സഹകളിക്കാരും ഒത്തുചേർന്ന സദസ്സ്- സച്ചിന്റെ വികാരഭരിതമായ മറുപടി പ്രസംഗം - വിക്കറ്റിൽ നിന്ന് ഒരുപിടി മണ്ണ് വാരിയെടുത്ത് നെറ്റിയിൽ വച്ച് പവലിയനിലേക്കുള്ള മടക്കം - വികാരനിർഭരമായ യാത്രയയപ്പ്

==================================